**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 424** **11-08-2021 - ൽ മറുപടിയ്ക്ക്**

**കൊവിഡ് നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി. ജെ. വിനോദ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മറ്റ് സംസ്ഥാനങ്ങളിൽ കൊവിഡ് രണ്ടാം തരംഗം അവസാനിക്കുമ്പോഴും കേരളത്തിൽ കൊവിഡ് കേസുകളുടെ എണ്ണം കുറയാതെ നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (എ) | കോവിഡ് -19 കേസുകൾ ചൈനയിൽ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് പബ്ലിക്ക് ഹെൽത്ത് എമർജൻസി ഓഫ് ഇന്റർനാഷണൽ കൺസേൺ ആയി ഇതിനെ ലോകാരോഗ്യ സംഘടന റിപ്പോർട്ട് ചെയ്യുകയും ഈ ഒരു സാഹചര്യത്തിൽ ചൈനയിൽ നിന്നും ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലേയ്ക്കും ആളുകൾ തിരിച്ചെത്തിയെങ്കിലും 2020ജനുവരി 30 -ന് തന്നെ ഇന്ത്യയിൽ ആദ്യമായി രോഗം സ്ഥിരീകരിക്കപ്പെട്ടത് കേരളത്തിലാണ്. ഇത്തരത്തിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങളിലും സർവൈലൻസിലും പകർച്ചവ്യാധി നിയന്ത്രണത്തിലും കേരള സംസ്ഥാനത്തിന്റെ മികവ് പ്രളയം, നിപ്പ എന്നിങ്ങനെയുള്ള അവസരങ്ങളിൽ കൂടിയും ലോകമെമ്പാടും തിരിച്ചറിഞ്ഞിട്ടുള്ളതുമാകുന്നു. കോവിഡിന്റെ ആദ്യ തരംഗത്തിൽ ഇന്ത്യലൊട്ടാകെയും പൊടുന്നനെ കേസുകൾ വർദ്ധിക്കുകയും കൃത്യമായ രോഗ സ്ഥിരീകരണത്തിലൂടേയും മറ്റ് പ്രതിരോധ പ്രവർത്തനങ്ങളിലൂടേയും കോവിഡ് കേസിന്റെ വർദ്ധനവിനെയും മരണനിരക്കിനെയും സംസ്ഥാനത്തിന് പിടിച്ചു നിർത്താനായത് അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ടിരുന്നു. മാർച്ച് മാസത്തിൽ ഇന്ത്യയൊട്ടാകെയും കേസുകൾ വർദ്ധിച്ചതിനെ തുടർന്ന് കേരളത്തിലും ഏപ്രിൽ ആദ്യവാരം മുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിത്തുടങ്ങി. ഇത് പിന്നീട് വ്യാപനശേഷി കൂടുതലുള്ള കോവിഡ് -19 ന്റെ ഡെൽറ്റ വകഭേദം മൂലമാണെന്ന് ജനിതകശ്രേണീകരണത്തിലൂടെ തെളിയിക്കപ്പെട്ടിരുന്നു. കോവിഡ് - 19 പോലൊരു മഹാമാരിയിൽ ദിനം പ്രതി റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് പെട്ടെന്ന് |

ഉണ്ടാകാമെങ്കിലും കുറവ് അത്ര പെട്ടെന്ന് ഉണ്ടാകാൻ സാധ്യത കുറവാണ് എന്ന് ശാസ്ത്രലോകം വിലയിരുത്തിയിട്ടുണ്ട്. കേരളത്തിലെ മികച്ച പൊതുജനാരോഗ്യ സംവിധാനവും ആശുപത്രി ശൃംഖലകളും വർദ്ധിച്ച അവബോധമുള്ള പൊതുജനങ്ങളും രാഷ്ട്രീയ ഉത്തരവാദിത്തവും കൂടിയുള്ള ആകെ തുകയുടെ ഫലമായി കോവിഡ് മഹാമാരിയുടെ ആദ്യഘട്ടം മുതൽ തന്നെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് റിപ്പോർട്ടിങ്ങിലും പ്രതിരോധ പ്രവർത്തനങ്ങളിലും മരണ നിരക്ക് കുറയ്ക്കുന്നതിലും കേരളം മികവ് പുലർത്തിയിരുന്നു. രണ്ടാം തരംഗ സമയത്തെ കേസുകളുടേയും ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കും പരിശോധിച്ചാൽ സംസ്ഥാനത്തിന്റെ പ്രവർത്തനത്തിന്റെ മികവ് ബോധ്യമാകുന്നതാണ്. കേസുകൾ വർദ്ധിച്ചതിനെ തുടർന്ന് മുമ്പേ തന്നെ വിഷമ ഘട്ടത്തിലായിരുന്ന സാമ്പത്തിക മേഖലയ്ക്ക് കൂടുതൽ ആഘാതം തട്ടാതിരിക്കാൻ വാരാന്ത്യ ലോക്ഡൗൺ വഴി കേസുകളുടെ എണ്ണം കുറയ്ക്കാനാണ് സംസ്ഥാനം ആദ്യം ശ്രമിച്ചത്. തുടർന്നും കേസുകൾ വർദ്ധിച്ചതിനാൽ പിന്നീട് സംസ്ഥാനം മുഴുവൻ ലോക്ഡൗൺ ഏർപ്പെടുത്തുകയുണ്ടായി. കേസുകളുടെ എണ്ണത്തിൽ കുറവ് വരുന്നത് കണ്ടതിനെ തുടർന്ന് പടിപടിയായി ജൂൺ മൂന്നാം വാരം മുതൽ ലോക്ഡൗൺ നിബന്ധനകളിൽ ഇളവുകളും നൽകുകയുണ്ടായി. അതിനെ തുടർന്നാണ് കേരളത്തിൽ വീണ്ടും കേസുകൾ വർദ്ധിച്ചു തുടങ്ങിയത്. ഈ ഘട്ടത്തിൽ രണ്ട് പ്രത്യേക സാഹചര്യങ്ങൾ നാം പരിഗണിക്കേണ്ടതുണ്ട് ഐ.സി.എം.ആർ നാല് ഘട്ടങ്ങളിലായി നടത്തിയ സീറോ സർവൈലൻസ് പഠനത്തിൽ കേരളത്തിലെ രോഗവ്യാപന നിരക്ക് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ചും ഇന്ത്യയൊട്ടാകെ അപേക്ഷിച്ചും കുറവായാണ് കണ്ടിട്ടുള്ളത്. കേരള സംസ്ഥാനം മാർച്ച് 2021 - ൽ നടത്തിയ സീറോ സർവൈലൻസ് പഠനത്തിലും 11% ആൾക്കാർക്ക് മാത്രമേ രോഗബാധ ഉണ്ടായതായി കണ്ടെത്തിയിരുന്നുള്ളൂ. 2021 മെയ് 31 - ന് ഐ.സി.എം.ആർ പൂർത്തിയാക്കിയ സീറോ സർവ്വൈലൻസ് പഠനത്തിന്റെ റിപ്പോർട്ടിലും ഇന്ത്യയൊട്ടാകെ 67.6% പേർക്കാണ് രോഗബാധ സ്ഥിരീകരിക്കപ്പെട്ടതായി കണ്ടെത്തിയത്. മറ്റ് സംസ്ഥാനങ്ങളിൽ 60% നും 70% ത്തിനും ഇടയിൽ രോഗബാധ സ്ഥിരീകരണ നിരക്ക് കാണിക്കപ്പെട്ടപ്പോൾ കേരളത്തിൽ അത് കേവലം 44.4% മാത്രമായിരുന്നു. സീറോ പ്രിവലൻസ് വഴി എസ്റ്റിമേറ്റഡ് കേസുകളുടെ

| | | | |
|---|---|---|---|
| | | | എണ്ണവും റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണവും പരിശോധിച്ചപ്പോൾ കേരളം ആറിലൊന്ന് കേസുകളെ കണ്ടെത്തുന്നുണ്ടെന്നും ഇന്ത്യൻ സംസ്ഥാനങ്ങളിൽ അണ്ടർ കൗണ്ടിംഗ് ഫാക്ടർ ഏറ്റവും കുറവായ സംസ്ഥാനമാണെന്നും നമുക്ക് മനസ്സിലാക്കാം. ഇത് സൂചിപ്പിക്കുന്നത് കേരളം ഇക്കാലമത്രയും സ്വീകരിച്ച പ്രതിരോധ പ്രവർത്തനങ്ങളുടെ ഫലമായി 44.4% പേർക്കു മാത്രമേ രോഗം ബാധിച്ചിട്ടുള്ളൂ എന്നതാണ്. മാത്രമല്ല ഇപ്പോൾ കേസുകളിൽ നേരിയ വർദ്ധനവ് കാണാമെങ്കിലും വർദ്ധിച്ച രീതിയിൽ വാക്സിനേഷൻ നടത്തുന്ന കേരളത്തിൽ ആശുപത്രിയിൽ ചികിത്സ തേടുന്നവരുടെ നിരക്കും ഗുരുതരരോഗവുമായി ഐ.സിയു വിലും വെന്റിലേറ്ററിലും അഡ്മിറ്റ് ആകുന്നവരുടെ നിരക്കും രണ്ടാം തരംഗത്തിലെ ആദ്യകാലഘട്ടത്തിനെ അപേക്ഷിച്ച് കുറവാണ്. ഇത്തരത്തിൽ പരിശോധിക്കുമ്പോൾ റിപ്പോർട്ടിഗിംലും ചികിത്സാ സംവിധാനങ്ങളിലും പൊതുജനാരോഗ്യത്തിലും രോഗത്തോടുള്ള ആൾക്കാരുടെ സമീപനത്തിലും അവബോധത്തിലും ഏറെ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തേയും മറ്റ് സംസ്ഥാനങ്ങളെയും താരതമ്യം ചെയ്യാൻ സാധ്യമല്ല. |
| (ബി) | അശാസ്ത്രീയമായ ലോക്ഡൗണും എല്ലാ വിഭാഗം ജനങ്ങൾക്കും വാക്സിൻ ലഭ്യമാക്കുന്നതിലെ പോരായ്മയും കൊവിഡ് കേസുകൾ ഉയർന്ന് നിൽക്കുന്നതിന് കാരണമായിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | ഓരോ ഘട്ടത്തിലെയും കോവിഡ് വ്യാപന തോത്, ആശുപത്രികളിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിലെ പര്യാപ്തത, വാക്സിനേഷൻ നിരക്ക് എന്നിവ കണക്കിലെടുത്തു പൊതുജനങ്ങളുടെ ജീവനോപാധി കൂടി സംരക്ഷിക്കുന്ന തരത്തിലാണ് സാമൂഹിക അകലം ഉറപ്പാക്കാനുള്ള വിവിധ തരത്തിലുള്ള നിയന്ത്രണങ്ങൾ സമൂഹത്തിൽ ഏർപ്പെടുത്താറുള്ളത്. കേരള ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി അംഗങ്ങളും വിദഗ്ധ സമിതി അംഗങ്ങളും ഉൾപ്പെട്ട ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് യോഗത്തിൽ ഉയർന്നു വരുന്ന നിർദ്ദേശങ്ങൾ സ്വീകരിച്ചാണ് ഏതൊക്കെ തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം എന്നുള്ള തീരുമാനം എടുക്കാറുള്ളത്. |
| (സി) | സാമൂഹ്യ പ്രതിരോധശേഷി (Herd Immunity) കൈവരിച്ച് മാത്രമേ കൊവിഡിനെ പൂർണ്ണമായി നിയന്ത്രണ വിധേയമാക്കാൻ കഴിയുകയുള്ളൂവെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ഏതൊരു രോഗത്തേയും പ്രതിരോധിക്കാനായി അനുവർത്തിക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങൾ സ്വയം പ്രതിരോധ മാർഗ്ഗങ്ങൾ അസുഖത്തിനെതിരായ ചികിത്സ, രോഗവ്യാപനശേഷിയിലെ കുറവ് രോഗാണുവിന് മരണകാരണമാകാനുള്ള ശേഷി കുറവ് എന്നീ ഘടകങ്ങളെ ആശ്രയിച്ചാണ്. കോവിഡ് - 19 പുതിയൊരു രോഗമായതിനാൽ തന്നെ അതിനെതിരെ പ്രത്യേക തരത്തിലുള്ള ചികിത്സാ സംവിധാനങ്ങളോ മരുന്നുകളോ, |

| | | | | |
|---|---|---|---|---|
| | | | | വാക്സിനുകളോ തുടക്കത്തിൽ ലഭ്യമായിരുന്നില്ല. എന്നാൽ രോഗം സ്ഥിരീകരിക്കപ്പെടുന്നവരിൽ രണ്ട് മുതൽ മൂന്ന് ശതമാനംവരെ പേർക്ക് മരണമുണ്ടായേക്കാമെന്ന ശാസ്ത്ര ലോകത്തിന്റേയും ഗ്ലോബൽ റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്കെല്ലാം രോഗം വന്നുപോയി സാമൂഹ്യപ്രതിരോധശേഷി കൈവരിക്കുക എന്ന മാർഗ്ഗം കേരളം പിന്തുടർന്നില്ല. മാത്രമല്ല ഇത്തരം മാർഗ്ഗങ്ങൾ സ്വീകരിച്ച പൊതുജനാരോഗ്യ സംവിധാനം ഉയർന്ന് നിൽക്കുന്ന പല ലോകരാഷ്ട്രങ്ങളിലും രോഗവ്യാപനനിരക്കും മരണ നിരക്കും ഉയരുന്നതാണ് നാം കണ്ടത്. ആയതിനാൽ തന്നെ സോപ്പ്, മാസ്ക്, സോഷ്യൽ ഡിസ്റ്റൻസിംഗ് എന്നിവ ദിനചര്യയുടെ ഭാഗമാക്കി കോവിഡ് - 19 ന്റെ കണ്ണികൾ പൊട്ടിച്ചെറിയുകയും രോഗം സ്ഥിരീകരിക്കപ്പെടുന്നവരെ നിരീക്ഷണത്തിൽ നിർത്തുകയും അവരുമായി സമ്പർക്കത്തിൽപ്പെട്ടവരെ എത്രയും പെട്ടെന്ന് കണ്ടെത്തുകയും രോഗലക്ഷണങ്ങളും മറ്റ് അനുബന്ധരോഗങ്ങളും ഉള്ളവരെ എത്രയും പെട്ടെന്ന് ചികിത്സിക്കുകയും ചെയ്യുക എന്നതാണ് കേരളം പിൻതുടർന്ന് പോന്ന തന്ത്രം. ഇത് വഴി രോഗവ്യാപന നിരക്കിനേയും മരണ നിരക്കിനേയും ഒരു പരിധിവരെ പിടിച്ച് നിർത്താനും ഇത്തരം പ്രവർത്തനങ്ങൾക്ക് വിദഗ്ധ പ്രശംസ നേടുകയും ചെയ്തിരുന്നു. ഇത് കൂടാതെ താരതമ്യേന പ്രമേഹം , രക്താതി മർദ്ദം എന്നീ രോഗങ്ങൾ കൂടുതലുള്ളതും വയോജനങ്ങൾ കൂടുതലുള്ളതും ആയ സംസ്ഥാനമായതിനാലും റിവേഴ്സ് ക്വാറന്റൈൻ വഴി ഇവരെ പ്രത്യേകം സംരക്ഷിക്കാനും കേരളം ശ്രമിച്ചിരുന്നു. വീടുകളിൽ നിരീക്ഷണത്തിന് സംവിധാനമില്ലാത്തവരെ ഡൊമിസിലിയറി കെയർ സെന്ററുകളിലും ആശുപത്രികളിൽ തിരക്ക് കുറയ്ക്കുന്നതിനായി സി.എഫ്.എൽ.റ്റി.സി, സി.എസ്.എൽ.റ്റി.സി സംവിധാനങ്ങളും സംസ്ഥാനമൊട്ടുക്കും ക്രമീകരിച്ചിരുന്നു. കൂടാതെ കോവിഡ് നിയന്ത്രിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളിൽ ഒന്നാണ് കോവിഡ് വാക്സിനേഷൻ. ലോകമെമ്പാടുമുള്ള കോവിഡ് പ്രതിരോധ വിവരങ്ങളും ലോകരാഷ്ട്രങ്ങളിൽ പിന്തുടർന്ന മാർഗ്ഗങ്ങളും പരിശോധിക്കുമ്പോൾ സാമൂഹിക പ്രതിരോധ ശേഷി കൈവരിക്കുന്നത് വഴി കോവിഡിനെ പ്രതിരോധിക്കാമെന്ന് കരുതാനാവില്ല. |

സെക്ഷൻ ഓഫീസർ